പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3932 — 19.03.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം

ചോദ്യം — ഉത്തരം

ശ്രീമതി. പി. അയിഷാ പോറ്റി.

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പ്രകാരം ഡാറ്റാബാങ്കിൽ തിരുത്തലുകൾ വരുത്താൻ ലഭിച്ച അപേക്ഷകളിൽ തീർപ്പ കൽപ്പിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എ) 2017 മെയ് 30-ാം തീയതിയിലെ സ.ഉ (പി) നമ്പർ 34/2017/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2017 മെയ് 30-ാം തീയതിയിലെ 1117-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 301/2017 വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തിയതുമായ ചട്ടങ്ങൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ കേരള നൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 4-ാം ചട്ടത്തിന്റെ (6-ാം) ഉപചട്ട പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി അംഗീകരിച്ച ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ ഒരു പുന:പരിശോധന അപേക്ഷ ഫയൽ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സമയപരിധി അപര്യാപ്തമായതിനാൽ സമയപരിധി ദീർഘിപ്പിച്ച് 180 ദിവസത്തിനുള്ളിൽ പുന:പരിശോധനാ അപേക്ഷ സമർപ്പിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് പ്രസ്തുത ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്തു കൊണ്ട് 2017

| | | | |
|---|---|---|---|
| | | | സെപ്റ്റംബർ 23-ാം തീയതിയിലെ സ.ഉ(പി) 66/2017/റവ പ്രകാരം പുറപ്പെടുവിച്ചതും 2017 സെപ്റ്റംബർ 28-ാം തീയതിയിലെ 2106-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം.598/17 വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാൻ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കി കൊണ്ട് 31.10.2017-ൽ പുറപ്പെടുവിച്ച സ.ഉ (സാധാ) 4592/2017/റവ നം. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത് ആർക്കാണെന്ന് വ്യക്തമാക്കുമോ? | (ബി) | കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതിക്കാണ് ഇതിനുള്ള ചുമതല നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം-ചട്ടങ്ങളിലെ ഭേദഗതി 2017- അപേക്ഷകൾ പരിഗണിക്കുന്നത് - പ്രാദേശികതലനിരീക്ഷണ സമിതി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം. 4592/2017/റവന്യൂ. തിരുവനന്തപുരം, തീയതി, 31. 10 .2017

## ഉത്തരവ്

പരാമർശം 1) സ.ഉ(പി) നം.443/2008/റവന്യൂ തീയതി 24.12.2008

2) 30.05.2017 ലെ സ.ഉ (പി). 34/2017/റവ (എസ്.ആർ.ഒ 301/2017) നമ്പർ വിജ്ഞാപനം

3) സ.ഉ(പി) നം.66/17/റവ തീയതി 23.09.2017

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം 23/03/2009-നകം അന്ന് നിലവിലുള്ള കൃഷി യോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേ യും സർവ്വേ നമ്പരും വിസ്തീർണ്ണവും ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ അടങ്ങിയ ഡാറ്റാ ബാങ്ക് പ്രാദേശികതല നിരീക്ഷണ സമിതി തയ്യാറാക്കേണ്ടിയിരുന്നു. എന്നാൽ നടപടിക്രമങ്ങളിൽ ഉണ്ടായിട്ടുള്ള കാലതാമസവും, തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ കടന്നു കൂടിയ തെറ്റുകളും, പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കുകളുടെ പുന:പരിശോധന അനിവാര്യമാക്കി. ഡാറ്റാബാങ്ക് തയ്യാറാക്കിയതിൽ ചട്ടം 4(2) (എ)ൽ വ്യവസ്ഥ ചെയ്തതിൻപ്രകാരം സ്ഥല പരിശോധന കൃത്യമായി നടത്താതിരുന്നതും പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്യാതിരുന്നതും ഈ പ്രശ്നം സങ്കീർണ്ണമാക്കി. ഈ സാഹചര്യത്തിൽ, കേരള നെൽവയൽ സംരക്ഷണ നിയമത്തിന്റെ ശക്തമായ നിർവ്വഹണം കുറ്റമറ്റ ഡാറ്റാബാങ്കിനെ അടിസ്ഥാനമാക്കിയായതിനാൽ, 2008 - ലെ ചട്ടങ്ങളുടെ ഭേദഗതി അനിവാര്യമായി തീർന്നു.

പരാമർശം (2)ലെ വിജ്ഞാപന പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തിയ ഭൂമി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപമുള്ള പക്ഷം പുന:പരിശോധന അപേക്ഷ സമർപ്പിക്കുന്നതിനും, 2008-ലെ നി.യമപ്രകാരം നിർവ്വചനം ചെയ്തിട്ടുള്ള നെൽവയൽ, തണ്ണീർത്തടം എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള

വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്.

പരാമർശം (2) ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കൃഷി വകുപ്പും, റവന്യൂ വകുപ്പും വിശദമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) പുന:പരിശോധന അപേക്ഷക്ക് ആധാരമായ ഭൂമിയുടെ വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷയിൽ എന്ത് പരിഹാര മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത് എന്നു കൂടി ഉൾപ്പെടുത്തി 100 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് സമിതി കൺവീനർ ആയ കൃഷി ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൻമേൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. നിലവിൽ അപേക്ഷ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻമേൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷ സ്വീകരിക്കേണ്ടതില്ല. 2017 നവംബർ 27-ാം തീയതി വരെ അപേക്ഷ നൽകാവുന്നതാണ്.
2) ലഭിക്കുന്ന അപേക്ഷയുടെ വിവരങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
3) ഡേറ്റാബാങ്കിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയതിനെ സംബന്ധിച്ച ഓരോ അപേക്ഷയിൻമേലും, കൃഷി ഓഫീസറും , വില്ലേജ് ഓഫീസറോ, വില്ലേജ് ഓഫീസറുടെ പ്രതിനിധിയായി സ്പെഷ്യൽ വില്ലേജ് ഓഫീസറോ, വില്ലേജ് അസിസ്റ്റന്റോ സംയുക്തമായി സ്ഥല പരിശോധന നടത്തേണ്ടതാണ്. സ്ഥല പരിശോധനയിൽ, സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിൽ ഭൂമി, വില്ലേജ് ഓഫീസർ/സ്പെഷ്യൽ വില്ലേജ് ഓഫീസർ /വില്ലേജ് അസിസ്റ്റന്റ് കൃത്യമായി തിരിച്ചറിയേണ്ടതും ആയത് കൃഷി ഓഫീസറെ ബോധ്യപ്പെടുത്തേണ്ടതുമാണ്. റവന്യൂ ഉദ്യോഗസ്ഥന്റെ കടമ ഇതു മാത്രമായിരിക്കും. പ്രസ്തുത സ്ഥലം നിയമത്തിലെ നിർവ്വചന പ്രകാരമുള്ള നെൽവയൽ ആണോയെന്നുള്ള വിവരം കൃഷി ഓഫീസർ നിർണ്ണയിക്കേണ്ടതും (12/08/2008-ലെ അവസ്ഥ പ്രകാരം) ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തണോ വേണ്ടയോ എന്നുള്ള വ്യക്തമായ ശിപാർശ കൃഷി ഓഫീസർ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

4) ഡേറ്റാബാങ്കിൽ തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയതിനെ സംബന്ധിച്ച ഓരോ അപേക്ഷകളും, കൃഷി ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്. വില്ലേജ് ഓഫീസർ നേരിട്ട് സ്ഥലപരിശോധന നടത്തി പ്രസ്തുത സ്ഥലം നിയമത്തിലെ നിർവ്വചന പ്രകാരമുള്ള തണ്ണീർത്തടം ആണോയെന്നുള്ള വിവരം

നിർണ്ണയിക്കേണ്ട തും (12/08/2008-ലെ അവസ്ഥ പ്രകാരം) ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തണോ വേണ്ടയോ എന്നുള്ള വ്യക്തമായ ശിപാർശ വില്ലേജ് ഓഫീസർ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട തുമാണ്.

5) 12/08/2008-ലെ ഭൂമിയുടെ അവസ്ഥ നിലവിലെ സ്ഥിതിവച്ച് നിർണ്ണിയിക്കാൻ സാധ്യമാകാത്ത സാഹചര്യത്തിൽ, ഇത്തരം അപേക്ഷകൾ Kerala State Remote Sensing & Environment Center (**KSREC**)-ന്റെ പരിശോധനയ്ക്ക് റഫർ ചെയ്യേണ്ടത ാണ്. ഇതിനായി വേണ്ടി വരുന്ന FMB സ്കെച്ചും, Kerala State Remote Sensing & Environment Center(**KSREC**)--ന്റെ പരിശോധനയ്ക്ക് ആവശ്യമായ 1500/- രൂപാ ഫീസ്, ഡയറക്ടർ Kerala State Remote Sensing & Environment Center(**KSREC**)--ന്റെ പേരിൽ DD എടുത്ത്, ആയത് സഹിതം നിശ്ചിത സമയത്തിനുള്ളിൽ ഹാജരാക്കുവാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ട താണ്.

6) FMB സ്കെച്ചിന്റെ ഫീസ് റ്റി.ആർ.5 മുഖാന്തിരം ഈടാക്കി വില്ലേജ് ഓഫീസർ കക്ഷിക്ക് സ്കെച്ച് അനുവദിക്കേണ്ടതും ടി തുക പിന്നീട് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടക്കേണ്ടതുമാണ്.

7) നിശ്ചിത സമയത്തിനുള്ളിൽ ഇവ ഹാജരാക്കാത്തപക്ഷം അപേക്ഷ പരിഗണിക്കുന്ന തല്ല എന്ന വിവരം അപേക്ഷ കക്ഷിയെ അറിയിക്കേണ്ട താണ്.

8) Kerala State Remote Sensing & Environment Center(KSREC)-ന്റെ പ രിശോധനയ്ക്കായി റഫർ ചെയ്യുന്ന കേസുകളിൽ ടി ഏജൻസിയുടെ റിപ്പോർട്ട് ലഭ്യമായ ശേഷം ഡാറ്റാ ബാങ്കിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ച വ്യക്തമായ ശിപാർശ സഹിതം സമിതിയുടെ പരിഗണനയ്ക്കായി കൃഷി ആഫീസർ സമർപ്പിക്കേണ്ടതാണ്.

9) ഡാറ്റാ ബാങ്കിലെ ഭൂമിയുടെ സ്വഭാവത്തിൽ മാറ്റം വരുത്തേണ്ട തില്ല എങ്കിൽ ടി വിവരം യഥാസമയം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

10) പ്രിൻസിപ്പൽ അഗ്രികൾച്ചർ ആഫീസറുടെ കാര്യാലയത്തിലോ, കൃഷി ആഫീസറുടെ കാര്യാലയത്തിലോ, വില്ലേജ് ഓഫീസിലോ ഉള്ള ഏതെങ്കിലും രേഖകൾ പ്രകാരമോ , പ രാതിയിലൂടെയോ , KSREC റിപ്പോർട്ടിലെ പരാമർശപ്രകാരമോ മറ്റ് ഏതെങ്കിലും മാർഗ്ഗേന യോ നെൽവയൽ/തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നറിയുന്ന പക്ഷം കൃഷി ഓഫീസ റോ വില്ലേജ് ഓഫീസറോ അദ്ദേഹത്തിന്റെ പ്രതിനിധിയോ അതതു സംഗതി പോലെ (നെൽവയലിനെ

സംബന്ധിച്ച് കൃഷി ഓഫീസറും, തണ്ണീർത്തടം സംബന്ധിച്ച് വില്ലേജ് ഓഫീസറും) സ്ഥല പരിശോധന നടത്തേണ്ടതാണ്. അപ്രകാരമുള്ള പരിശോധന വേളയിൽ നെൽവയൽ, തണ്ണീർത്തടം എന്നിവയുടെ നിർവ്വചനത്തിൽ വരുന്നതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായി കൃഷി ഓഫീസർ/വില്ലേജ് ഓഫീസർ തിരിച്ചറിയുന്ന ഭൂമിയുടെ കൃത്യമായ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ വില്ലേജ് ഓഫീസർ/ കൃഷി ഓഫീസർ വില്ലേജ് റിക്കോർഡുകളുടെ അടിസ്ഥാനത്തിൽ, അതതു സംഗതി പോലെ ടി വിവരങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താനുള്ള ശിപാർശ സഹിതം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ പുതിയതായി ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ സൂചിപ്പിച്ചു കൊണ്ട് ഒരു കരട് ഡാറ്റാബാങ്ക് പ്രാദേശികമായി പ്രസിദ്ധീകരിച്ച് പരാതികൾ സ്വീകരിക്കുന്നതിന് അവസരം നൽകേണ്ടതാണ്. അത്തരം പരാതികൾ 15 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

11) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കുന്ന ഡാറ്റാബാങ്കിൽ 'നെൽവയൽ', 'തണ്ണീർത്തടം' എന്ന നിർവ്വചനത്തിൽപെടുന്ന ഭൂമി മാത്രം ഉൾപ്പെടുത്തിയാൽ മതിയെങ്കിലും, 'നിലം നികത്തു ഭൂമി', 'പത്തു വർഷമായ തെങ്ങ് നിൽക്കുന്ന സ്ഥലം' മുതലായ വിവരങ്ങൾ നിലവിൽ ചേർത്തിട്ടുണ്ട്. അത്തരം വിവരങ്ങൾ ഡാറ്റാ ബാങ്കിൽ നിയമാനുസൃതം ഉൾപ്പെടുത്തേണ്ടിയിരുന്നില്ല. അത്തരം പരാമർശങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ഇതിനായി കൃഷി ആഫീസറും, വില്ലേജ് ഓഫീസറോ, വില്ലേജ് ഓഫീസറുടെ പ്രതിനിധിയായി സ്പെഷ്യൽ വില്ലേജ് ഓഫീസറോ വില്ലേജ് അസിസ്റ്റന്റോ സംയുക്തമായി സ്ഥല പരിശോധന നടത്തി ബോധ്യപ്പെടേണ്ടതാണ്.

12) വില്ലേജ് തിരിച്ച് തണ്ണീർത്തടങ്ങളുടെയും, നെൽവയലുകളുടെയും വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത്. ഡാറ്റാ ബാങ്ക് അന്തിമമായി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ട മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട് ഡേറ്റാബാങ്കിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്.

13) തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് വാലിഡേറ്റ് ചെയ്യുന്നതിന് KSREC -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചാൽ മതിയാകും.

14) 2018 മാർച്ച് 31 - ന് മുമ്പായി, ഓരോ പ്രാദേശികതല നിരീക്ഷണ സമിതിയും മേൽപറഞ്ഞ പ്രകാരം ഭേദഗതി വരുത്തി അന്തിമമായി തയ്യാറാക്കുന്ന ഡാറ്റാ ബാങ്ക്

2008-ലെ ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖാന്തിരം വിജ്ഞാപനം നട ത്തേണ്ടതാണ്.

15) അതിനു ശേഷം 2005-ലെ വിവരാവകാശ നിയമം വകുപ്പ് 4(1) നിഷ്കർഷിക്കുന്നതിൻ പ്രകാരം പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വെബ്സൈറ്റുകളിൽ പ്രസിദ്ധീക രിക്കേണ്ട താണ്.

**പി.എച്ച് കര്യൻ**
ഗവർണറുടെ ഉത്തരവിൻ പ്രകാരം

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കൃഷി ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
കൃഷി വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

സെക്ഷൻ ഓഫീസർ